ഔദ്യോഗിക പ്രവർത്തനങ്ങളുടേയും ഭാഗമായി ഒരു ജനപ്രതിനിധി ഒട്ടേറെ സമയം ഒട്ടേറെ ദൂരം സ്വന്തം മണ്ഡലത്തിലൂടെ സഞ്ചരിക്കേണ്ടി വരുന്നു. സ്വന്തമായി വാഹനം ഇല്ലാത്തവരും വാഹനം വാടകയ്ക്ക് എടുത്ത് യാത്രചെയ്യാൻ കഴിയാത്തവരുമായ എം.എൽ.എമാരുടെ സ്ഥിതി വളരെ കഷ്ടമാണ്. അങ്ങനെയുള്ള മുഴുവൻ എം.എൽ.എ. മാർക്കുംവേണ്ടിയാണ് ഈ ബില്ല് കൊണ്ടു വരുന്നത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, വാടകയ്ക്ക് വാഹനമെടുത്ത് യാത്ര ചെയ്യാൻ കഴിവില്ലാത്തവർ എന്നുപറഞ്ഞു. ബഹു. മെമ്പർക്ക് കിട്ടുന്ന അലവൻസ് എന്താണ് ചെയ്യുന്നത് ? വേറെ ചെലവൊന്നുമില്ലല്ലോ ?

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, അത് ശരിയല്ല. എനിക്ക് കിട്ടുന്ന ഒരു മാസത്തെ ഏറ്റവും കൂടുതൽ അലവൻസ് എന്നുപറയുന്നത് പതിനായിരം രൂപയാണ്. അത് എന്റെ മണ്ഡലത്തിലുള്ള ആഫീസിന്റെയും അവിടെ നിയോഗിക്കപ്പെട്ടിട്ടുള്ള സ്റ്റാഫിന്റെയും ടെലിഫോൺ ബില്ലിന്റെയും മറ്റ് എഴുത്തുകുത്തുകൾക്കുമുള്ള ചെലവുമെല്ലാം വരുമ്പോൾ തന്നെ ഒരു കാരണവശാലും ഈ തുക കൊണ്ട് വാഹനമുപയോഗിച്ചുള്ള യാത്ര കഴിയില്ല. അത് ബോധ്യമുള്ളതു കൊണ്ടുതന്നെയാണ് അതിശക്തമായി ഈ ആശയം അവതരിപ്പിക്കുന്നത്. ശ്രീ. ബാലൻ വൈദ്യരുടെ ചോദ്യം അലവൻസ് കൂട്ടിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമോ എന്നുള്ളതാണ്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് വരുമ്പോൾ അത് ബോധ്യമാകും. വിവിധ സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സന്ദർഭങ്ങളുടെ സമ്മർദ്ദം മൂതലെടുത്ത് നിക്ഷിപ്ത താൽപ്പര്യക്കാർ നിയമസഭാ സാമാജികർക്ക് വാഹനം ഏർപ്പെടുത്തിക്കൊടുത്ത് എം.എൽ.എ -മാരിൽ അവിഹിതമായ സ്വാധീനമുണ്ടാക്കാൻ ശ്രമിക്കുന്നത് സാധാരണമാണ്. ആ സാഹചര്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് എം.എൽ.എ.-മാർക്ക് വാഹനം വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. പ്രോട്ടോക്കോൾ അനുസരിച്ച് എം.എൽ.എ-മാർക്ക് താഴെയുള്ള പല വകുപ്പുദ്യോഗസ്ഥന്മാർക്കും ജനപ്രതിനിധികൾക്കും വാഹനം കൊടുക്കുന്ന സാഹചര്യത്തിൽ തീർച്ചയായിട്ടും ഇത് ചെയ്യേണ്ടതാണ്. ജനങ്ങൾക്കിടയിലും അധികാരികൾക്കിടയിലും എം.എൽ.എ-മാരെ തിരിച്ചറിയുന്നതിന് ഔദ്യോഗിക വാഹനങ്ങൾ കൊടുക്കണമെന്നാണ് അഭിപ്രായം.

(ചർച്ച തുടരും)

16. 2000-ലെ കേരള റോഡപകട നിർമ്മാർജന അതോറിറ്റി ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2000-ലെ കേരള റോഡപകട നിർമ്മാജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി.....

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, നിർദ്ദിഷ്ട അതോറിറ്റി ഒരു നിർവ്വഹണസമിതി ആയതിനാൽ അതോറിറ്റി നിലവിൽ വന്നാലും സംസ്ഥാന റോഡ് സുരക്ഷാ കൗൺസിലും ജില്ലാതല കമ്മിറ്റികളും ഒരു ഉപദേശക സമിതി എന്ന നിലയിൽ തുടർന്നും പ്രവർത്തിക്കേണ്ടി വരും. അതുകൊണ്ട് നിർദ്ദിഷ്ട അതോറിറ്റി രൂപീകരിക്കുന്നതുമൂലം ആവർത്തനച്ചെലവുണ്ട്. അതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചത് നിലവിൽ ഒരു അതോറിറ്റി രൂപീകരിച്ചാലും ഉപദേശക സമിതിയുടെ സ്വഭാവമേ ഉണ്ടാകുകയുള്ളു എന്നാണ്. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ കൊടുത്തു കൊണ്ട് ഈ ബിൽ അംഗീകരിച്ചുകൊണ്ട് ഒരു അതോറിറ്റി രൂപീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ നിരത്തുകളിൽ അടുത്ത കാലത്തായി വളരെക്കൂടുതൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നു. പ്രത്യേകിച്ച് നമ്മുടെ ഹൈവേകളുടെ സ്ഥിതി അങ്ങനെയാണ്. നാഷണൽ ഹൈവേയാണെങ്കിലും സംസ്ഥാന ഹൈവേയാണെങ്കിലും നിരവധി അപകടങ്ങൾ ഉണ്ടാകുന്നു. നിരത്തുകളുടെ ദു:സ്ഥിതിയാണ് കാരണം. കൂടാതെ വാഹനങ്ങളുടെ വർദ്ധനവ്, വാഹനങ്ങളുടെ കണ്ടീഷനില്ലാത്ത സ്ഥിതി, അലക്ഷ്യമായിട്ടുള്ള ഡ്രൈവിംഗ് ഇങ്ങനെ ഒരുപാട് കാരണങ്ങൾ പറയാൻ കഴിയുമെങ്കിൽപ്പോലും അപകടത്തിന് ഇരയാകുന്ന ആളുകളെ നമുക്ക് സംരക്ഷിക്കാൻ കഴിയുന്നില്ല. ഹൈടെക് വാഹനങ്ങളുടെ കടന്നുവരവ് കാലിക സമൂഹത്തിന്റെ വേഗതയേറിയ ഗതാഗത ആവശ്യങ്ങളൊക്കെകൂടിവരുമ്പോൾ അപകടങ്ങൾ വീണ്ടും കൂടുകയാണ്. ഈ അപകടങ്ങളിൽ പലപ്പോഴും നമുക്ക് കാണാൻ കഴിയുന്നത്, തക്ക സമയത്ത് ചികിത്സ ലഭിക്കുന്നില്ല എന്നാണ്. പല അപകടങ്ങളുമുണ്ടായി ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിയിൽ ഉണ്ടാകുന്ന രക്തസ്രാവമാണ് പല അപകടങ്ങളുണ്ടാക്കുന്നതെന്നുള്ളത് നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് ഇത്തരം അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രമിക്കുകയും അപകടത്തിൽപ്പെടുന്ന ആളുകൾക്ക് പരമാവധി പരിരക്ഷ കൊടുക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയുണ്ടാകണമെന്ന്.....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അങ്ങ് റോഡപകടങ്ങളെപ്പറ്റി പറയുകയാണല്ലോ ? റോഡിൽ നാട്ടുകാർ ഒരു കാര്യവുമില്ലാതെ ഹമ്പുണ്ടാക്കിവച്ചിരിക്കുന്നത് കണ്ടിട്ടുണ്ട്. സിഗ്നൽ കൊടുക്കാതെ ഹമ്പിൽ കയറി അപകടങ്ങളുണ്ടാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങയുടെ ഈ ബില്ലിൽ എന്തെങ്കിലും വകുപ്പ് അതിനെപ്പറ്റി പറഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, തീർച്ചയായും ആ നിലയിലൊക്കെ അപകടങ്ങൾ ഒഴിവാക്കാനുള്ള ശ്രമങ്ങളുണ്ട്. അപകടങ്ങളുണ്ടാകുമ്പോൾ അതി വേഗം ചികിത്സ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. നാഷണൽ ഹൈവേയിൽ 50 മീറ്ററിനുള്ളിൽ ഒരു ആംബുലൻസ് പ്രൊവൈഡ് ചെയ്യുകയും അപകടങ്ങളുണ്ടാകുമ്പോൾ അതിവേഗം ആശുപത്രിയിൽ എത്തിക്കാൻ കഴിയുന്ന രീതിയിൽ ഒരു ആംബുലൻസ് ആശുപത്രി-ട്രാഫിക് സ്റ്റേഷൻ സംവിധാനം കൊണ്ടുവരണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി വളരെ ചുരുങ്ങിയ സമയമുണ്ടെങ്കിൽപ്പോലും ഇതു ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ : പരിഗണനയ്ക്കെടുക്കണമെങ്കിൽ ഒറ്റ മാർഗ്ഗമേ ഉള്ളു. വീണ്ടും സഭയിൽ വന്ന് ഒന്നുകൂടി അവതരിപ്പിക്കുക. അല്ലാതെ വേറെ മാർഗ്ഗമില്ല.

(ചർച്ച തുടരും)

17. ദി കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യുവർ കേരള അമെന്റ്മെന്റ് ബിൽ-2001

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ദി കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ കേരള അമെന്റ്മെന്റ് ബിൽ 2001-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രിക്കു വേണ്ടി കൃഷിവകുപ്പു മന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇത്തരമൊരു ഭേദഗതി ഇപ്പോൾ ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഈ സഭയിൽ അവതരിപ്പിക്കാൻ നോട്ടീസ് കൊടുത്ത വേറെ ബില്ലുകൾ ഇനി തയ്യാറാക്കിയതുണ്ടോ ?

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, കുറച്ചു ബില്ലുകൾ കൂടി അവതരിപ്പിക്കണമെന്നുണ്ട്. കഴിയുമോ എന്ന് എനിക്ക് നിശ്ചയമില്ല.

മി. സ്പീക്കർ : അതിന് ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കൽ ബിൽ കൊണ്ടുവരണം.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ക്രിമിനൽ പ്രൊസീജിയർ കോഡിൽ വരുത്തേണ്ട ഭേദഗതികളാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരാനുള്ളത്. 1975 ജൂൺ 17-ാം തീയതി ഇടുക്കി ജില്ലയിലെ കരിമണ്ണൂർ പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ വച്ച് മൃഗീയവും പൈശാചികവും ഭീതിദവുമായ മർദ്ദനത്തിന് എനിക്ക് വിധേയനാകേണ്ടി വന്നു. അന്ന് ശ്രീ. കെ. കരുണാകരനാണ്

LIBRARY ARCHIVES Kerala Legislative Assembly